# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1398    03.10.2016-ൽ മറുപടിക്ക്

## ഇ-ഹെൽത്ത് പദ്ധതി

**ചോദ്യം**

**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീമതി. ഇ.എസ്.ബിജിമോൾ**
**ശ്രീ.ഇ.കെ.വിജയൻ**
**ശ്രീമതി. സി.കെ. ആശ**

**മറുപടി**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇ-ഹെൽത്ത് പദ്ധതിയിലൂടെ വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കി ആരോഗ്യമേഖലയിൽ എന്തൊക്കെ നേട്ടങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; | (എ) | ഇ ഹെൽത്ത് പദ്ധതിയുടെ ലക്ഷ്യങ്ങൾ<br>1. വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃതകമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.<br>2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.<br>3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളേയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.<br>4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ചികിത്സ നടത്തുന്നവരുടെ ചികിത്സാവിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക. |
| (ബി) | ഈ പദ്ധതി വഴി ഒരു രോഗിയെ സംബന്ധിച്ച മെഡിക്കൽ വിവരങ്ങൾ ഇന്റർനെറ്റ് സഹായത്തോടെ എവിടെയും ലഭ്യമാകുന്ന വിധത്തിലാണോ പദ്ധതി വിഭാവനം ചെയ്യുന്നത്; വ്യക്തമാക്കുമോ; | (ബി) | ഒരു രോഗിയെ സംബന്ധിച്ച മെഡിക്കൽ വിവരങ്ങൾ ഇന്റർനെറ്റ് സഹായത്തോടെ എല്ലാ സർക്കാർ ആശുപത്രികളിലേയും ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ഡോക്ടർമാർക്ക് ലഭ്യമാക്കും വിധമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി ഒരു പ്രോജക്ട് |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് യൂണിറ്റ് രൂപവൽക്കരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ആരോഗ്യവകുപ്പ് മന്ത്രി ചെയർ പേഴ്സണായും ആരോഗ്യവകുപ്പ് സെക്രട്ടറി വൈസ് ചെയർപേഴ്സണായും ഉള്ള ഇ – ഹെൽത്ത് കേരള സൊസൈറ്റി രൂപവൽക്കരിച്ചിട്ടുണ്ട്. കൂടാതെ വിവരസാങ്കേതിക വിദഗ്ധൻമാരും വൈദ്യചികിത്സാ രംഗത്തെ പ്രമുഖരും അടങ്ങുന്ന സബ്കമ്മറ്റികളും രൂപവത്കരിച്ചിട്ടുണ്ട്. |
| (സി) | ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും, പദ്ധതി എന്ന് നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | 11-8-2016 ലെ G.O.(Rt)No.2236/16/H&FWD പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കീഴിലുള്ള ഇ – ഹെൽത്ത് പദ്ധതിക്ക് 300 ലക്ഷം രൂപയുടെ ഭരണാനുമതിയും, 19-9-2016 ലെ G.O.(Rt)No.2566/16/H&FWD പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കീഴിലുള്ള ഇ-ഹെൽത്ത് പദ്ധതിയ്ക്കായി 388 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ റെക്കോർഡ് ലൈബ്രേറി എന്ന പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകയിൽ നിന്നും 67 ലക്ഷം രൂപ ഇ-ഹെൽത്ത് പദ്ധതിയ്ക്കായി വകമാറ്റാനും തീരുമാനമായിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ 9 ആരോഗ്യ കേന്ദ്രങ്ങളിൽ പദ്ധതിയുടെ പൈലറ്റ് ഇംപ്ലിമെന്റേഷൻ നടന്നു. ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് അടക്കം 4 കേന്ദ്രങ്ങളിൽ കൂടി പൈലറ്റ് ഇംപ്ലിമെന്റേഷൻ നടത്തിയതിന് ശേഷം 2017 മാർച്ച് അവസാനത്തോടെ തിരുവനന്തപുരം ജില്ലയിലെ എല്ലാ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും പദ്ധതി പൂർത്തീകരിക്കാനുതകുന്ന രീതിയിൽ പ്രവർത്തനം പുരോഗമിക്കുകയാണ്. ഇതിനെ തുടർന്ന് ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നീ 6 ജില്ലകളിൽ ഈ പദ്ധതി വ്യാപിപ്പിച്ച് ഒന്നാം ഘട്ടം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. രണ്ടാം ഘട്ടം പൂർത്തിയാകുന്നതോടെയാണ് സംസ്ഥാനത്താകെ ഈ പദ്ധതി പ്രാവർത്തികമാവുക. |

**സെക്ഷൻ ഓഫീസർ**